പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 6026 08.07.2013 - ൽ മറുപടിയ്ക്ക്

## വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം

ചോദ്യം
ശ്രീ. ബെന്നി ബെഹനാൻ
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. പി.എ. മാധവൻ
ശ്രീ. സി.പി. മുഹമ്മദ്

ഉത്തരം
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായത്തിനുള്ള നിബന്ധനകൾ ഭേദഗതി ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (എ) | വിവാഹ ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതി മാനദണ്ഡങ്ങളിൽ താഴെപ്പറയുന്ന ഭേദഗതി വരുത്തിയിട്ടുണ്ട്.<br>1. കുടുംബ വിഹിതമോ മാതാവിന്റെയോ പിതാവിന്റെയോ ഇഷ്ടദാനമോ ആയി പെൺകുട്ടിയുടെ പേരിൽ ഉള്ളത് ( വസ്തു, ആഭരണം, ധനം ഉൾപ്പെടെ) 50,000/- രൂപയിൽ കവിയാത്തതാണെങ്കിൽ ആ കുട്ടിയുടെ വിവാഹത്തിന് ധന സഹായം അനുവദിക്കാവുന്നതാണ്.<br><br>2. വിവാഹത്തിന് നിശ്ചയിച്ചിട്ടുള്ള തീയതിക്ക് ഒരു മാസം മുമ്പെങ്കിലും അപേക്ഷ സമർപ്പിച്ചിരിക്കേണ്ടതാണ്. എന്നാൽ വിവാഹം കഴിഞ്ഞ തീയതി മുതൽ ഒരു വർഷത്തിനകം സമർപ്പിക്കുന്ന അപേക്ഷകൾക്കും, ധനസഹായം, കാലതാമസം ഇളവു ചെയ്ത് അനുവദിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അധികാരം ഉണ്ടായിരിക്കും. എന്നാൽ നിശ്ചിത പരിധിക്കുള്ളിൽ ലഭ്യമായ അപേക്ഷകൾ ആദ്യം പരിഗണിച്ച് ആനുകൂല്യം നൽകിയശേഷമായിരിക്കണം ഇത്തരം വൈകി ലഭിച്ച അപേക്ഷകൾ പരിഗണിച്ച് ആനുകൂല്യം നൽകേണ്ടത്. |

| | | | |
|---|---|---|---|
| (ബി) | നിലവിൽ ധനസഹായത്തിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാ മാണ്; വിശദാംശം അറിയി ക്കുമോ ; | (ബി) | വിവാഹം ചെയ്ത് അയക്കാൻ ഉദ്ദേശിക്കുന്ന പെൺകുട്ടിക്ക് വിവാഹദിവസം 18 വയസ് പൂർത്തിയായിരിക്കണം. ടി ധന സഹായം ലഭിക്കുന്നതിന് ഗുണ ഭോക്താക്കളുടെ ഉയർന്ന കുടുംബ വാർഷിക വരുമാന പരിധി ഗ്രാമ പ്രദേശങ്ങളിലുള്ളവർക്ക് 20,000/- രൂപയായും നഗര പ്രദേശങ്ങളി ലുള്ളവർക്ക് 22,375/- രൂപയായും നിശ്ചയിച്ചിട്ടുണ്ട്. പെൺകുട്ടിക്ക് കുടുംബ വീതമോ, മാതാവി ന്റെയോ പിതാവിന്റെയോ ഇഷ്ട ദാനമോ ആയി ലഭിച്ച വസ്തു വകകളുടെ മൂല്യം (വസ്തു, ആഭരണം, ധനം ഉൾപ്പെടെ) 50,000/- രൂപയിൽ കവിയരുത്. |
| (സി) | വിവാഹ ധനസഹായം വർദ്ധിപ്പി ച്ചിട്ടുണ്ടോ ; വിശദമാക്കുമോ ? | (സി) | ധനസഹായം 10000/- രൂപയിൽ നിന്നും 20000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട് . |

R. Vijayan

സെക്ഷൻ ഓഫീസർ